2024
JANUARY
17
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ആവേശം വിതറി കൊച്ചിയിൽ

# പ്രധാനമന്ത്രിയുടെ റോഡ് ഷോ



**കൊച്ചി:** ബിജെ.പി പ്രവർത്തകരെ ആവേശം കൊള്ളിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ റോഡ് ഷോ. മഹാരാജാസ് കോളജ് മൈതാനം മുതൽ എറണാകുളം ഗസ്റ്റ് ഹൗസ് വരെ 1.3 കിലോമീറ്റർ നീണ്ടു നിന്ന പ്രധാനമന്ത്രിയുടെ റോഡ് ഷോ കാണാൻ റോഡിന്റെ ഇരുവശങ്ങളിലും ബി.ജെ.പി പ്രവർത്തർ ഉൾപ്പെടെ വൻ ജനാവലിയാണ് തടിച്ചു കൂടിയത്. തുറന്ന വാഹനത്തിൽ ജനങ്ങളെ കൈ ഉയർത്തി അഭിവാദനം ചെയ്തു നീങ്ങിയ പ്രധാനമന്ത്രിയെ മുദ്രാവാക്യം വിളികളോടെയും പുഷ്പവൃഷ്ടിയോടെയുമാണ് ജനങ്ങൾ എതിരേറ്റത്. ആദരവ് ഏറ്റുവാങ്ങിയ പ്രധാനമന്ത്രി തിരിച്ചും പൂക്കൾ എറിഞ്ഞുകൊടുക്കുന്നത് കാണാമായിരുന്നു.വൈകിട്ട് ആറിന് റോഡ് ഷോ തുടങ്ങുമെന്ന് ആദ്യം അറിയിച്ചിരുന്നെങ്കിലും പ്രധാനമന്ത്രി എത്താൻ വൈകിയതിനാൽ 7.30ലേക്ക് മാറ്റുകയായിരുന്നു.എന്നാൽ ഇതിനും വളരെ മുമ്പേ തന്നെ റോഡ് ഷോ കടന്നു പോകുന്ന റോഡിന്റെ ഇരുവശങ്ങളിലും വൻ ജനാവലിയാണ് തടിച്ചു കൂടിയത്.ബി..ജെ.പി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രനും പ്രധാമന്ത്രിക്കൊപ്പം വാഹനത്തിൽ ഉണ്ടായിരുന്നു. ഇന്നലെ വൈകിട്ട് 6.50 ഓടെ നെടുമ്പാശ്ശേരിയിലെ കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ വ്യോമസേനയുടെ പ്രത്യേക വിമാനത്തിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു. കേന്ദ്രമന്ത്രി വി. മുരളീധരൻ, പ്രകാശ് ജാവദേക്കർ എം.പി., ചീഫ് സെക്രട്ടറി ഡോ.വി. വേണു, സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ്, ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് എന്നിവരും പ്രധാമന്ത്രിയെ സ്വീകരിക്കാൻ എത്തിയിരുന്നു. തുടർന്ന് ഹെലികോപ്ടറിൽ ഏഴു മണിയോടെ നേവൽ ബേസ് എയർപോർട്ടിലേക്ക് യാത്രയായി.ഇവിടെ നിന്നുമാണ് റോഡ് ഷോയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി മഹാരാജാസ് കോളജ് മൈതാനത്തിനു സമീപത്തേയ്ക്ക് എത്തിയത്. ഒരു മണിക്കൂറോളം നീണ്ടു നിന്ന റോഡ് ഷോയ്ക്ക് ശേഷം എറണാകുളം ഗവ.ഗസ്റ്റ് ഹൗസിലാണ് പ്രധാനമന്ത്രി തങ്ങിയത്. തുടർന്ന് ഇന്ന് രാവിലെ ഗുരുവായർ ക്ഷേത്രത്തിൽ സുരേഷ് ഗോപിയുടെ മകളുടെ വിവാഹത്തിൽ പങ്കെടുക്കുന്നതിനായി പോകും ഇതിനു ശേഷം തൃപ്രയാർ ക്ഷേത്രത്തിലും ദർശനം നടത്തി തിരികെ കൊച്ചിയിൽ എത്തും. തുടർന്ന് കൊച്ചി കപ്പൽശാലയിൽ നടക്കുന്ന ചടങ്ങിൽ നാലായിരം കോടിയുടെ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും. തുടർന്ന് വൈകുന്നേരം മറൈൻ ഡ്രൈവിൽ നടക്കുന്ന ബിജെപിയുടെ പരിപാടിയിലും പങ്കെടുത്ത് ഡൽഹിക്കു മടങ്ങും.

## പാഠ്യപദ്ധതി പരിഷ്കരണത്തിന് അംഗീകാരം



**തിരുവനപുരം:** പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ പാഠപുസ്തകങ്ങൾക്ക് തിരുവനന്തപുരത്ത് ചേർന്ന സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗീകാരം നൽകിയതായി പൊതുവിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഒന്ന്, മൂന്ന്, അഞ്ച്, ഏഴ്, ഒമ്പത് ക്ലാസ്സുകളിലായി തയ്യാറാക്കിയ 173 ടൈറ്റിൽ പാഠപുസ്തകങ്ങൾക്കാണ് അംഗീകാരം നൽകിയതെന്ന് മന്ത്രി പറഞ്ഞു.16 വർഷത്തിനു ശേഷമാണ് കേരളത്തിലെ പാഠ്യപദ്ധതിയും അതിന്റെ തുടർച്ചയായി പാഠപുസ്തകങ്ങളും സമഗ്രമായ മാറ്റത്തിന് വിധേയമാകുന്നതെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. 2007 ലാണ് ഇതിനുമുമ്പ് പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിച്ച് സമഗ്രമായ പാഠ്യപദ്ധതി പരിഷ്ക്കരെണം നടത്തിയത്. 2013 ൽ ചെറിയ മാറ്റങ്ങൾ വരുത്തിയിരുന്നു.നിരവധി പ്രത്യേകതകളാണ് ഇത്തവണത്തെ പാഠ്യപദ്ധതി പരിഷ്കരണത്തിലുള്ളതെന്ന് മന്ത്രി പറഞ്ഞു. എല്ലാ പാഠപുസ്തകങ്ങളിലും ഭരണഘടനാ ആമുഖം ചേർത്തിട്ടുണ്ട്. കായികരംഗം, മാലിന്യപ്രശ്നം, ശുചിത്വം, പൗരബോധം, തുല്യനീതി മുൻനിർത്തിയുള്ള ലിംഗ അവബോധം, ശാസ്ത്രബോധം, ഹൈക്കോടതി അടക്കം നിർദ്ദേശം വെച്ച പ്രകാരം പോക്സോ നിയമങ്ങൾ, കൃഷി, ജനാധിപത്യ മൂല്യങ്ങൾ, മതനിരപേക്ഷത എന്നിവ പാഠപുസ്തകങ്ങളുടെ ഭാഗമാണ്. പാഠപുസ്തകങ്ങളിൽ കുട്ടികൾ വരച്ച ചിത്രങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട ഭാഷകളിലാണ് പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ക്ലാസ്സിലെ എല്ലാ പുസ്തകങ്ങൾക്കും പ്രവർത്തന പുസ്തകം അഥവാ ആക്ടിവിറ്റി ബുക്ക് തയ്യാറാക്കും. അഞ്ചാം ക്ലാസ്സു മുതൽ കലാ വിദ്യാഭ്യാസം, തൊഴിൽ വിദ്യാഭ്യാസം എന്നിവയ്ക്ക് പാഠപുസ്തകങ്ങൾ ഉണ്ടാകും. ഇത് ആദ്യമായാണ് ഇത്തരത്തിൽ ഒരു ക്രമീകരണം നടപ്പിലാക്കിയത്. പാഠപുസ്തകങ്ങൾ പുറത്തിറക്കുന്നതോടൊപ്പം ഡിജിറ്റൽ പതിപ്പും പ്രസിദ്ധീകരിക്കുമെന്നും മന്ത്രി പറഞ്ഞു.അഞ്ച് മുതൽ 10 വരെ തൊഴിൽ വിദ്യാഭ്യാസം നൽകും. ടൂറിസം, കൃഷി, ഐ.റ്റി., ടെക്സ്റ്റൈൽ, നൈപുണ്യ വികസനം എന്നിവ ഉൾപ്പെടുന്നതാകും ഇത്. കുട്ടികളിൽ ചെറുപ്പം മുതലേ തൊഴിൽ മനോഭാവം വളർത്താൻ ഇത് ഉപകരിക്കുമെന്ന് മന്ത്രി പറഞ്ഞു. പാഠപുസ്തക പരിഷ്കരണത്തെ തുടർന്ന് അധ്യാപകർക്കുള്ള അധ്യാപക പുസ്തകങ്ങൾ വികസിപ്പിക്കും. ഇതിന്റെ ഭാഗമായി അധ്യാപകർക്ക് മികച്ച പരിശീലനം നൽകും. കൂടാതെ രക്ഷാകർത്താക്കൾക്കുള്ള പുസ്തകങ്ങളും വികസിപ്പിക്കും. രാജ്യത്ത് ആദ്യമായാണ് രക്ഷാകർത്താക്കൾക്കുള്ള പുസ്തകങ്ങൾ വികസിപ്പിക്കുന്നത്. രണ്ട് തീരുമാനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും മന്ത്രി അറിയിച്ചു.



## പാലിയേറ്റീവ് കെയർ ദിനം ആചരിച്ചു

**കൊച്ചി:** ഐ.എം.എ കൊച്ചിയുടെയും അരികെ പാലിയേറ്റീവ് കെയറിന്റെയും നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ ദിനം ആചരിച്ചു. അരികെ പാലിയേറ്റീവ് കെയർ ഓഫിസിൽ നടന്ന സമ്മേളനത്തിൽ ഐ.എം.എ കൊച്ചി സെക്രട്ടറി ഡോ. ജോർജ് തുകലൻ, രൂപിക റെസിഡൻസ് അസോസിയേഷൻ സെക്രട്ടറി അഡ്വ. മാത്യു ജേക്കബ്, ഡോ. ഗീത വിജയരാഘവൻ, ഡോ. ആനി എന്നിവർ സംസാരിച്ചു.പാലിയേറ്റിവ് രോഗികളും അവരുടെ ബന്ധുക്കളും, സന്നദ്ധപ്രവർത്തകരും, പൊതുജനങ്ങളും ചടങ്ങിൽ പങ്കെടുത്തു. വിവിധ കലാപരിപാടികളും മൽസരങ്ങളും ഉണ്ടായിരുന്നു.

## എറണാകുളം ശ്രീ അയ്യപ്പൻ കോവിലിൽ മകരവിളക്ക് മഹോത്സവത്തിന് കൊടിയിറങ്ങി



**കൊച്ചി:** എറണാകുളം ശ്രീ അയ്യപ്പൻ കോവിലിൽ മകരവിളക്ക് മഹോത്സവത്തിന് കൊടിയിറങ്ങി. പുലർച്ചെ 4.45 ന് ആറാട്ട്പുറപ്പാടും തുടർന്ന് ആറാട്ടെഴുന്നള്ളിപ്പും നടന്നു. രാവിലെ 6.45 ന് മംഗളപൂജയോടെ ഈ വർഷത്തെ മകരവിളക്ക് മഹോത്സവത്തിന് കൊടിയിറങ്ങും.ആറാട്ട് മഹോത്സവത്തോടനുബന്ധിച്ച് നടന്ന പകൽപ്പൂരവും വെള്ളിത്തുരുത്തി ഉണ്ണിനായരുടെ പ്രമാണത്തിൽ 71 ലേറെ കലാകാരൻമാർ പങ്കെടുത്ത പഞ്ചാരിമേളത്തോടെയുള്ള ശീവേലിയും വർണ്ണാഭമായി. ഗജവീരന്മാരുടെ അകമ്പടിയോടെ നടന്ന പകൽപ്പൂരത്തിൽ പാമ്പാടി രാജൻ അയ്യപ്പന്റെ തിടമ്പേറ്റി. ഗജവീരന്മാരായ പുത്തൂർ ദേവീസുതൻ, മുക്കൽ ശിവാനന്ദൻ, പാമ്പാടി സുന്ദരൻ, ചൈത്രം അച്ചു, പുത്തൻകുളം മോഡി, പുത്തൻകുളം കേശവൻ എന്നിവർ അകമ്പടിയേകി. തുടർന്ന് കരിമരുന്ന് പ്രയോഗവും നടന്നു.

## അഡ്മിഷൻ ആരംഭിച്ചു

**കൊച്ചി:**കേരള സർക്കാർ പൊതുമേഖല സ്ഥാപനമായ കെൽട്രോണിന്റെ തൃശൂർ നോളഡ്ജ് സെന്ററിൽ കെൽട്രോൺ സർട്ടിഫൈഡ് എത്തിക്കൽ ഹാക്കർ, ഡിപ്ലോമ ഇൻ സൈബർ സെക്യൂർഡ് വെബ് ഡെവലപ്മെന്റ് അസ്സോസിയേറ്റ് എന്നീ കോഴ്സുകളുടെ ഒഴിവുള്ള സീറ്റുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. അവസാന തീയതി ജനുവരി 31. അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കുമായി 0487242900, 7356 1111 28 ഫോൺ നമ്പറിലോ, കെൽട്രോൺ നോളഡ്ജ് സെന്റർ, ഫസ്റ്റ് ഫ്ളോർ, ബി.എസ്.എ9.എൽ സെന്റർ, പോസ്റ്റ് ഓഫീസ് റോഡ്, തൃശൂർ, പി9 680001 അഡ്രസ്സിലോ ബന്ധപ്പെടുക.

## അഡ്മിഷൻ ആരംഭിച്ചു

**കൊച്ചി:**കേരള സർക്കാർ പൊതുമേഖല സ്ഥാപനമായ കെൽട്രോണിന്റെ പാലക്കാട് നോളഡ്ജ് സെന്ററിൽ കെൽട്രോൺ സർട്ടിഫൈഡ് എത്തിക്കൽ ഹാക്കർ, ഡിപ്ലോമ ഇൻ സൈബർ സെക്യൂർഡ് വെബ് ഡെവലപ്മെന്റ് അസ്സോസിയേറ്റ് എന്നീ കോഴ്സുകളുടെ ഒഴിവുള്ള സീറ്റുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. അവസാന തീയതി ജനുവരി 31. അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കുമായി 0491 2504599, 7356 1111 28 എന്ന ഫോൺ നമ്പറുകളിലോ, കെൽട്രോൺ നോളഡ്ജ് സെന്റർ, ഫസ്റ്റ് ഫ്ലോർ, ചക്കയിൽ കോംപ്ലക്സ്, മഞ്ഞക്കുളം റോഡ്, പാലക്കാട് അഡ്രസ്സിലോ ബന്ധപ്പെടുക.

## യുജിസി നെറ്റ് കോച്ചിംഗ്

**കൊച്ചി;** ജനറൽ പേപ്പർ, കംപ്യൂട്ടർ ആപ്ലിക്കേഷൻസ് പേപ്പർ ര്, ഇംഗ്ലീഷ് പേപ്പർ ര്, കോമേഴ്സ് പേപ്പർ ര്, ഇലക്ട്രോണിക് പേപ്പർ ര് മാനേജ്മെന്റ് പേപ്പർ ര് എന്നീ വിഷയങ്ങളിൽ യുജിസി നെറ്റ് കോച്ചിംഗ് ക്ലാസുകൾ നടത്തുന്നു. പ്രസ്തുത വിഷയങ്ങളിൽ പിജി കഴിഞ്ഞവർക്കും പി ജി ചെയ്യുന്നവർക്കും അപേക്ഷിയ്ക്കാം. ജൂണിലെ പരീക്ഷ കണക്കാക്കിയാണ് ക്ലാസ്സുകൾ നടത്തുക. ഓൺലൈൻ, ഓഫ് ലൈൻ ക്ലാസ്സുകൾ ഉായിരിയ്ക്കുന്നതാണ്. ജനുവരിയിൽ ക്ലാസുകൾ ആരംഭിക്കുന്നതായിരിക്കും. വിശദ വിവരങ്ങൾക്ക് കോളേജുമായി ബന്ധപ്പെടുക. ഫോൺ നമ്പർ 9495069307, 8547005029.

# പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കൊച്ചിയിൽ ഊഷ്മള സ്വീകരണം



**കൊച്ചി:** രണ്ടുദിവസത്തെ കേരള സന്ദർശനത്തിന് എത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ എന്നിവരുടെ നേതൃത്വത്തിൽ ഊഷ്മള സ്വീകരണം നൽകി. നെടുമ്പാശ്ശേരിയിലെ കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ വ്യോമസേനയുടെ പ്രത്യേക വിമാനത്തിൽ ഇന്നലെ വൈകിട്ട് 6 50 നാണ് പ്രധാനമന്ത്രി എത്തിയത്. തുടർന്ന് ഹെലികോപ്ടറിൽ ഏഴു മണിയോടെ നേവൽ ബേസ് എയർപോർട്ടിലേക്ക് യാത്രയായി.കേന്ദ്രമന്ത്രി വി. മുരളീധരൻ, പ്രകാശ് ജാവദേക്കർ എം.പി., ചീഫ് സെക്രട്ടറി ഡോ.വി. വേണു, സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ്, ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ്, എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി വൈഭവ് സക്സേന, രാഷ്ട്രീയ പാർട്ടി, സംഘടനാ പ്രതിനിധികളായ, എ.എൻ. രാധാകൃഷ്ണൻ, പി.എസ് ജ്യോതിസ്, തമ്പി മറ്റത്തര, ഉണ്ണികൃഷ്ണൻ, സതീഷ്, രമ ജോർജ്, പി.ടി. രതീഷ്, വി.ടി. രമ, വി.എ. സൂരജ്, കെ.പി. മധു, എൻ. ഹരിദാസൻ, എ. അനൂപ് കുമാർ, പി. ദേവ്രാജൻ ദേവസുധ, അനിരുദ്ധൻ, ഡോ. വൈശാഖ് സദാശിവൻ, ഇ.യു ഈശ്വർ പ്രസാദ് എന്നിവരും പ്രധാനമന്ത്രിയെ സ്വീകരിക്കാൻ നെടുമ്പാശേരിയിലുണ്ടായിരുന്നു.

### നിരന്തരമായ വി.ഐ.പി ഡ്യൂട്ടി:

## സർക്കാർ ആശുപത്രികളുടെ പ്രവർത്തനം താളം തെറ്റുന്നു; ഡോക്ടർമാരുടെ പൂൾ അനിവാര്യമെന്ന് കെ.ജി.എം.ഒ.എ

**കൊച്ചി:** എറണാകുളം ജില്ലയിൽ കൊവിഡ്, ഡെങ്കിപ്പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ സാധാരണക്കാരുടെ ആശ്രയമായ സർക്കാർ ആശുപത്രികളുടെ പ്രവർത്തനം നിരന്തരമായ വി ഐ പി ഡ്യൂട്ടികൾ കാരണം അവതാളത്തിലാകുന്നു.ഗവ ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് ആനുപാധികമായി വേണ്ട ഡോക്ടർമാരുടെ എണ്ണം അപര്യാപ്തമായിരിക്കെ സ്ഥാപനത്തിനു പുറത്തുള്ള ഇത്തരം അധിക ഡ്യൂട്ടികൾ ഗവ ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. വിമാനത്താവളം ഉള്ള ജില്ല ആയതിനാൽ വി ഐ പി കൾ ധാരാളമായി എറണാകുളം വഴി എത്തുകയും ഇവരുടെ സുരക്ഷിത യാത്രയ്ക്ക്ക്കു വേണ്ടി നിയോഗിക്കപ്പെടുന്നത് സാധാരണക്കാർ ചികിത്സക്കയെത്തുന്ന സർക്കാർ ആശുപത്രിയിലെ ഡോക്ടർമാരെയാണ്. വി ഐ പി യോടൊപ്പം മണിക്കൂറുകളോളം ആംബുലൻസുകളിൽ അനുഗമിക്കേണ്ടിവരുന്നതിനാൽ ഡോക്ടർമാരുടെ സേവനം ആ ദിവസം ആശുപത്രിയിൽ ഉണ്ടാവില്ല. വി ഐ പി ഡ്യൂട്ടികൾക്കുള്ള ഉത്തരവുകൾ അവസാനം നിമിഷം ലഭിക്കുന്നതിനാൽ പലപ്പോഴും പകരം സംവിധാനം ഏർപ്പെടുത്താനാവാതെ ഡോക്ടർമാർ വലയുകയാണ്. ഇതൊന്നും അറിയാതെ സർക്കാർ ആശുപത്രിയിൽ എത്തുന്ന ആശരണരായ രോഗികൾ ചികിത്സ കിട്ടാതെ വലയുന്ന സാഹചര്യമാണുള്ളത്. മാത്രമല്ല അടിയന്തിര സാഹചര്യത്തിൽ ഒരു രോഗിയെ ജില്ലാ ആശുപത്രിയിലേക്കോ, മെഡിക്കൽ കോളേജിലേക്കോ കൊണ്ടുപോകാനായി സർക്കാർ ആശുപത്രിയിൽ സജ്ജീകരിച്ചിട്ടുള്ള ആംബുലൻസുകൾ വി ഐ പി ഡ്യൂട്ടികൾക്ക് ഉപയോഗിക്കേണ്ടി വരുന്നതിനാൽ പാവപെട്ട രോഗികൾ ഭീമമായ തുക കൊടുത്ത് സ്വകാര്യ ആംബുലൻസുകളെ ആശ്രയിക്കേണ്ടി വരും. പ്രധാനമന്ത്രി, കേന്ദ്രമന്ത്രിമാർ,മുഖ്യമന്ത്രി ഉൾപ്പെടെ എറണാകുളം ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനായി മിക്കവാറും എത്തുന്നുണ്ട്. ലോക് സഭാ തിരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ വരും നാളുകളിൽ വി.ഐ.പികളുടെ സന്ദർശനം ഏറിവരാൻ സാധ്യതയുള്ളതിനാൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്തതരത്തിൽ സർക്കാർ ഡോക്ടർമാരെ മാത്രം ആശ്രയിക്കാതെ സ്വകാര്യ ആശുപത്രി ഡോക്ടർമാരെയും കൂടി ഉൾപെടുത്തിയോ എൻ.എച്ച്.എം താൽക്കാലിക ഡോക്ടർമാരുടെ ഒരു പൂൾ ഉണ്ടാക്കിയോപ്രശ്നം പരിഹരിക്കാനുള്ള നടപടികൾ ബന്ധപ്പെട്ട അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഇക്കാര്യത്തിൽ അടിയന്തിര തീരുമാനം വേണ്ടതുണ്ടെന്നും സർക്കാർ ഡോക്ടർമാരുടെ സംഘടനയായ കെജിഎംഒഎ വ്യക്തമാക്കി

## എച്ച്.എം.ടി. ജംഗ്ഷൻ വികസനം: റെയിൽവേ മേൽപ്പാലം വീതി കൂട്ടാൻ നടപടി സ്വീകരിക്കും



**കൊച്ചി:** കളമശ്ശേരി എച്ച്.എം. ടി. ജംഗ്ഷൻ വികസന പദ്ധതിയിൽ റെയിൽവേ മേൽപ്പാലം വീതി കൂട്ടാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. ഇതിനോടനുബന്ധിച്ച് കേരള റോഡ് ഫണ്ട്സ് ബോർഡ് (കെ.ആർ.എഫ്.ബി), റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കേരള (ആർ.ബി.ഡി.സി.കെ), റെയിൽവേ എന്നിവർ സംയുക്തമായി സ്ഥല പരിശോധന നടത്തണമെന്ന് മന്ത്രി നിർദേശിച്ചു. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.എച്ച്.എം. ടി. ജംഗ്ഷൻ വികസനം ജില്ലയിലെ പ്രധാന വികസന പദ്ധതിയാണ്. ഏറ്റവും കൂടുതൽ ട്രാഫിക് ബ്ലോക്ക് അനുഭവപ്പെടുന്ന ജംഗ്ഷനുകളിൽ ഒന്നാണിത്. റെയിൽവേ മേൽപ്പാലം കൂടി വീതി കൂട്ടിയാൽ മാത്രമേ വികസനം പൂർണമാകൂ. ഇത് പ്രാവർത്തികമാക്കാൻ എത്രയും വേഗം നടപടികൾ സ്വീകരിക്കാൻ മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ജില്ലാ കളക്ടർ എൻ. എസ്.കെ. ഉമേഷ്, കെ.ആർ.എഫ്.ബി, കിഫ്ബി, റെയിൽവേ ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# കൊച്ചി കപ്പൽ നിർമാണത്തിന്റെ കേന്ദ്രമാകും: കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ

**കൊച്ചി:** 4000 കോടി രൂപയുടെ പദ്ധതികൾ ഉദ്ഘാടനം ചെയ്യുന്നതോടെ കപ്പൽ അറ്റകുറ്റപ്പണികളുടെയും കപ്പൽ നിർമ്മാണത്തിന്റെയും കേന്ദ്രമായി കൊച്ചി മാറുമെന്ന് കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രി സർബാനന്ദ സോനോവാൾ.പദ്ധതി ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്ര സർബാനന്ദ സോനോവാൾ.പുതിയ ഡ്രൈ ഡോക്ക് (എൻഡി), കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിന്റെ (സിഎസ്എൽ) കപ്പൽ അറ്റകുറ്റപ്പണിയ്ക്കുള്ള അന്താരാഷ്ട്ര കേന്ദ്രം (ഐഎസ്ആർഎഫ്), ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ എൽപിജി ഇറക്കുമതി ടെർമിനൽ എന്നീ മൂന്ന് പ്രധാന പദ്ധതികൾ സമുദ്ര മേഖലയിൽ ആഗോളതലത്തിലെ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്തുമെന്ന് മന്ത്രി പറഞ്ഞു. ഈ പദ്ധതികൾ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക മാത്രമല്ല, തൊഴിൽ നൽകുകയും എംഎസ്എംഇകളെ പിന്തുണയ്ക്കുകയും ചെയ്യും. പദ്ധതികൾ ആഗോള തലത്തിൽ പ്രത്യേക മാനദണ്ഡം സൃഷ്ടിക്കുന്നതായും പ്രധാനമന്ത്രിയുടെ 'സബ്കാ സാത്ത്, സബ്കാ വികാസ്' എന്ന ദർശനത്തിന് അനുസൃതമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.1,799 കോടി രൂപ ചെലവിൽ കൊച്ചിയിലെ സിഎസ്എല്ലിന്റെ നിലവിലെ പരിസരത്ത് നിർമ്മിച്ച പുതിയ ഡ്രൈ ഡോക്ക് ഇന്ത്യയുടെ എഞ്ചിനീയറിംഗ് വൈദഗ്ധ്യവും പദ്ധതി പരിപാലന കഴിവുകളും പ്രതിഫലിപ്പിക്കുന്ന ഒരു പ്രധാന പദ്ധതിയാണ്. മേഖലയിലെ ഏറ്റവും വലിയ സമുദ്ര അടിസ്ഥാന സൗകര്യങ്ങളിൽ ഒന്നാണിത്. കാര്യക്ഷമ




തയും സുരക്ഷിതത്വവും പാരിസ്ഥിതിക സുസ്ഥിരതയും ഉറപ്പാക്കാൻ പുതിയ ഡ്രൈ ഡോക്ക് പദ്ധതിയിൽ ഏറ്റവും പുതിയ സാങ്കേതികവിദ്യയും നൂതനാശയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.കപ്പൽ അറ്റകുറ്റപ്പണിയ്ക്കുള്ള അന്താരാഷ്ട്ര കേന്ദ്രം ഐ.എസ്.ആർ.എഫ് പദ്ധതി, കൊച്ചിയിലെ വില്ലിംഗ്ഡൺ ഐലൻഡിൽ കൊച്ചിൻ പോർട്ട് അതോറിറ്റിയുടെ സമീപത്തു 42 ഏക്കർ പാട്ടത്തിനെടുത്ത സ്ഥലത്താണ് 970 കോടി രൂപ ചെലവിൽ സജ്ജീകരിച്ചിരിക്കുന്നത്. ഇത് കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ നിലവിലുള്ള കപ്പൽ അറ്റകുറ്റപ്പണി ശേഷി നവീകരിക്കുകയും വിപുലീകരിക്കുകയും കൊച്ചിയെ ആഗോളതലത്തിൽ ഈ രംഗത്തെ പ്രധാന കേന്ദ്രമാക്കി മാറ്റുകയും ചെയ്യും. ഇന്ത്യയിൽ കപ്പൽ റിപ്പയർ ക്ലസ്റ്ററുകൾ സൃഷ്ടിക്കുക എന്ന പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടുമായി ഈ പദ്ധതി യോജിച്ചു പോകും.കൊച്ചിയിലെ പുതുവൈപ്പിനിൽ 1,236 കോടി രൂപ മുതൽമുടക്കിൽ നിർമ്മിച്ച ഇന്ത്യൻ ഓയിലിന്റെ എൽപിജി ഇറക്കുമതി ടെർമിനൽ അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളുള്ളതാണ്. എൽപിജിയുടെ സ്ഥിരമായ വിതരണം ഉറപ്പാക്കി, മേഖലയിലും പരിസരത്തുമുള്ള ദശലക്ഷക്കണക്കിന് കുടുംബങ്ങൾക്കും വ്യാപാര കേന്ദ്രങ്ങൾക്കും പ്രയോജനം ചെയ്യുന്നതിലൂടെ ഇത് ഇന്ത്യയുടെ ഊർജ്ജ അടിസ്ഥാന സൗകര്യങ്ങളെ ഗണ്യമായി വർദ്ധിപ്പിക്കും. എല്ലാവർക്കും പ്രാപ്യവും താങ്ങാനാവുന്ന ചെലവിലും ഊർജം ഉറപ്പാക്കുന്നതിനുള്ള ഇന്ത്യയുടെ ശ്രമങ്ങളെ ഈ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.കേന്ദ്ര ഷിപ്പിങ് സെക്രട്ടറി ടി. കെ. രാമചന്ദ്രൻ, കൊച്ചിൻ ഷിപ് യാർഡ് മേധാവി മധു എസ്.നായർ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗ് ഒന്നാം സീസൺ: ശ്രീ ശിവ ഛത്രപതി സ്പോർട്സ് കോംപ്ലക്സ് പൂനെ റേസ് വേദി

**കൊച്ചി:** മഹലുംഗെ ബലേവാഡിയിലെ പ്രശസ്തമായ ശ്രീ ശിവ് ഛത്രപതി സ്പോർട്സ് കോംപ്ലക്സ് സിയറ്റ് ഇന്ത്യന് സൂപ്പർക്രോസ് റേസിങ് ലീഗ് (ഐഎസ്ആർഎൽ) സീസൺ ഒന്നിലെ പൂനെ റേസിനുള്ള വേദിയായി പ്രഖ്യാപിച്ചു. ജനുവരി 28നാണ് പൂനേ റേസ് അരങ്ങേറുക. നിരവധി സുപ്രധാന കായിക മത്സരങ്ങൾക്ക് ആതിഥേയത്വം വഹിച്ച ഈ ചരിത്ര സ്റ്റേഡിയം,ദേശീയ ഗെയിംസിനായി 1994ലാണ് സ്ഥാപിതമായത്. 2008 കോമൺവെൽത്ത് യൂത്ത് ഗെയിംസ്, വിവിധ ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പുകൾ, വനിതകൾക്കായുള്ള ഫിബ ഏഷ്യ അണ്ടർ 16 ചാമ്പ്യൻഷിപ്പ് തുടങ്ങിയ മത്സരങ്ങൾ ഈ വേദിയിൽ വിജയകരമായി സംഘടിപ്പിച്ചിട്ടുണ്ട്. 2008 കോമൺവെൽത്ത് ഗെയിംസിന് ആതിഥേയത്വം വഹിച്ചതിന്റെ ചരിത്രവും അഭിമാനവും കണക്കിലെടുത്താണ് ശ്രീ ശിവ് ഛത്രപതി സ്പോർട്സ് കോംപ്ലക്സ് പൂനെ റേസിനുള്ള വേദിയായി തിരഞ്ഞെടുത്തതെന്ന് സംഘാടകർ അറിയിച്ചു. പൂനെക്ക് പുറമേ, അഹമ്മദാബാദ്, ഡൽഹി എന്നിവിടങ്ങളിലാണ് സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗിന്റെ ഉദ്ഘാടന സീസൺ അരങ്ങേറുക. അഹമ്മദാബാദ് റേസ് ഫെബ്രുവരി 11നും, ഡൽഹി റേസ് ഫെബ്രുവരി 25നും നടക്കും.ചരിത്രവും കായിക മഹത്വവും നിറഞ്ഞ വേദിയായ മഹലുൻഗെയിൻ പൂനെയിലെ ശ്രീ ശിവ് ഛത്രപതി സ്പോർട്സ് കോംപ്ലക്സിലേക്ക് സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗ് കൊണ്ടുവരുന്നതിൽ തങ്ങൾക്ക് അഭിമാനമുണ്ടെന്ന് സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗിന്റെ സഹസ്ഥാപകനും ഡയറക്ടറുമായ ഈശാൻ ലോഖണ്ഡേ പറഞ്ഞു. ശ്രീ ശിവ് ഛത്രപതി സ്പോർട്സ് കോംപ്ലക്സിൽ സൂപ്പർക്രോസ് ചരിത്രത്തിലെ അവിസ്മരണീയ നിമിഷങ്ങൾ സൃഷ്ടിക്കാൻ തങ്ങൾ കാത്തിരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## അന്തർ സർവ്വകലാശാല ചാവറ പ്രസംഗമത്സരം ജനുവരി 20 ന്

**കൊച്ചി :**ചാവറ കൾച്ചറൽ സെന്റർ, കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന 33മത് അന്തർ സർവ്വകലാശാല ചാവറ പ്രസംഗമത്സരം ജനുവരി 20 ന് കൊച്ചി ചാവറ കൾച്ചറൽ സെന്ററിൽ നടത്തുന്നു. കേരളത്തിലെ അംഗീകൃത സർവ്വകലാശാലകളുടെ കീഴിലുള്ള കോളേജിലെ വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. എറണാകുളം, തിരുവനന്തപുരം, മലബാർ എന്നിങ്ങനെ മൂന്നുമേഖലകളായിട്ടാണ് മത്സരങ്ങൾ നടത്തുന്നത്. എറണാകുളം മേഖലയിലെ മത്സരം രാവിലെ 10 മണിക്ക് ആരംഭിക്കും. തിരുവനന്തപുരം, മലബാർ മേഖല മത്സരം രാവിലെ 11 മണിക്ക് ആരംഭിക്കും. പ്രസംഗ വിഷയം : കേരള നവോത്ഥാന ചരിത്രം ചാവറയച്ചനിലൂടെ. പ്രസംഗസമയം 5 മിനിറ്റ്. പ്രസംഗം മലയാളത്തിലായിരിക്കും. ഒരു കോളേജിൽ നിന്ന് 2 വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. പങ്കെടുക്കുന്ന വിദ്യാർത്ഥികൾ പ്രിൻസിപ്പലിന്റെയോ വകുപ്പ് മേധാവിയുടെയോ സാക്ഷ്യപത്രം കൊണ്ടുവരണം.2024 ജനുവരി 20ന് ശനി, രാവിലെ 10 മണിക്ക് കൊച്ചി ചാവറകൾച്ചറൽ സെന്ററിലാണ് മത്സരങ്ങൾ നടത്തുന്നത്. പങ്കെടുക്കാൻ താൽപര്യമുള്ള ജനുവരി 18ന് മുൻപ് രജിസ്റ്റർ ചെയ്യേണ്ടതാണ്.മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് 250രൂപ ( ഇരുന്നൂറ്റി അൻപതു ) വീതം യാത്രാചിലവ് നൽകുന്നതാണ്. ഓരോ മേഖലയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന മൂന്നുപേർക്ക് അന്നേ ദിവസം തന്നെ നടക്കുന്ന അന്തിമതലമത്സരത്തിൽ പങ്കെടുക്കാം. വിജയികൾക്ക് ഒന്നാം സമ്മാനം 15,000 രൂപയും സർട്ടിഫിക്കറ്റും ട്രോഫിയും. രണ്ടാം സമ്മാനം 10,000 രൂപ സർട്ടിഫിക്കറ്റും ട്രോഫിയും. മൂന്നാം സമ്മാനം 7,000 രൂപ സർട്ടിഫിക്കേറ്റും ട്രോഫിയും സമ്മാനമായി നൽകുന്നതാണെന്ന് ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ.അറിയിച്ചു. ഫ്രീ രെജിസ്റ്റർ ചെയ്യുവാൻ 9400068680/6,9495142011 വിളിക്കുക.

## കുമാരനാശാൻ മലയാള കാവ്യസംസ്കാരത്തെ നവീകരിച്ച മഹാകവി:പ്രൊഫ.എം. കെ. സാനു




**കൊച്ചി:**അന്ത:സാരശൂന്യമായ രീതിയിലുള്ള പദവിന്യാസങ്ങളിലൂടെ വരികൾ ക്രമപ്പെടുത്തിയെഴുതുന്നത് കവിതയായി കരുതപ്പെട്ടിരുന്ന സമൂഹത്തെ, ആത്മാവ് എരിയുന്നതിന്റെ ഫലമായുണ്ടാകുന്നതാണ് കവിതയെന്ന് പഠിപ്പിച്ച്, കാവ്യ സംസ്കാരത്തെ നവീകരിച്ച മഹാകവിയാണ് കുമാരനാശാൻ എന്ന് പ്രൊഫ.എം .കെ സാനു പറഞ്ഞു.മഹാകവി കുമാരനാശാന്റെ ചരമശതാബ്ദി ആചരണം എറണാകുളം അധ്യാപക ഭവനിൽ ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.കവിത ജീവിതത്തിലെ കൊടിയ വിഷത്തെ അമൃതമാക്കുന്നു എന്ന് ആശാൻ കൃതികൾ പഠിച്ചാൽ മനസ്സിലാകും.കവി അടിസ്ഥാനപരമായി ധിക്കാരിയാണ്. അവാർഡുകൾ കവികളെ സൃഷ്ടിക്കുന്നില്ല. അധികാരമുള്ളവരെ പ്രശംസിക്കുവാൻ ആളുകൾ മത്സരിക്കുന്ന കാലമാണിത്. ഒരു മൂല്യവും മാനദണ്ഡവുമില്ലാത്തതായി നമ്മുടെ സമൂഹം മാറിയിരിക്കുന്നു. ഗാന്ധി മരിച്ചപ്പോൾ എല്ലാവരും ഉപവാസമിരിക്കണം എന്ന് നെഹ്റുവും പട്ടേലും പറഞ്ഞു. എന്നാൽ ഗാന്ധിയെ കൊന്നവൻ ഹീറോയാണോ എന്നാണിന്ന് ചർച്ച ചെയ്യുന്നത്. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഉന്നത മൂല്യങ്ങൾ സമൂഹത്തിൽ സ്ഥാപിക്കുവാൻ കുമാരനാശാൻ കൃതികളുടെ പഠനം ആവശ്യമാണ്. കാവ്യാസ്വാദനത്തിന്റെ ശീലം കുട്ടികളിൽ രൂപപ്പെട്ടാൽ അവർ ധർമ ബോധമുള്ളവരായിത്തീരും അദ്ദേഹം വിശദീകരിച്ചു.പ്രൊഫ എം.കെ സാനു ചെയർമാൻ ആയുള്ള മഹാകവി കുമാരനാശാൻ ചരമശതാബ്ദി സമിതിയാണ് സമ്മേളനം സംഘടിപ്പിച്ചത്.ശരീരത്തെ കൊണ്ടാടിയിരുന്ന ഒരു സമൂഹത്തിൽ നിന്നും ആത്മീയ ഭാവങ്ങളിലേക്ക് ഉയരുന്ന മനുഷ്യനെ കവിതയിൽ പ്രതിഷ്ഠിച്ച കവിയാണ് കുമാരനാശാനെന്ന് അധ്യക്ഷത വഹിച്ച പ്രൊഫ.എം .തോമസ് മാത്യൂ അഭിപ്രായപ്പെട്ടു. കവി കുരീപ്പുഴ ശ്രീകുമാർ , ഡോ. എം.പി മത്തായി, എ.കെ പുതുശ്ശേരി ,സമിതി കൺവീനർ കെ .പി സജി,ടിങ്കിൾ പ്രഭാകരൻ എന്നിവർ സംസാരിച്ചു.

## ഇന്ത്യൻ സംസ്കാരത്തിന്റെ ബഹുസ്വരതയെ സംരക്ഷിക്കണം: ബൃന്ദ കാരാട്ട്



**കൊച്ചി:** ഇന്ത്യൻ സംസ്കാരത്തിന്റെ ബഹുസ്വരതയെ സംരക്ഷിക്കേണ്ടത് യുവജനങ്ങളുടെ കർത്തവ്യമാണെന്ന് ബൃന്ദ കാരാട്ട് അഭിപ്രായപ്പെട്ടു. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം സാഹിത്യ വിഭാഗം സംഘടിപ്പിച്ച രാമത് പ്രൊഫസർ ധർമ്മരാജ് അടാട്ട് എൻഡോമെന്റ് പ്രഭാഷണം സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിലെ യൂട്ടിലിറ്റി സെന്ററിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അവർ. 'സംസ്കാരവും സമത്വവും വർത്തമാനകാല ഇന്ത്യൻ സാഹചര്യത്തിൽ' എന്നതായിരുന്നു വിഷയം. സംസ്കാരം എന്നത് നിരന്തരം മാറ്റങ്ങൾക്ക് വിധേയമാകുന്ന ഒന്നാണ്. മനുഷ്യനെ കേവലം ഉപഭോക്താവായി മാറ്റുന്ന സംസ്കാരമാണ് നിലവിൽ വളർന്നുകൊിരിക്കുന്നത്. ഭരണഘടനയ്ക്ക് വിരുദ്ധമായ മനുസ്മൃതിയുടെ ആശയങ്ങളാണ് സമകാലിക ഇന്ത്യൻ സാഹചര്യത്തിൽ ഉയർന്നുവരുന്നത് എന്നും ഇതിനെ ചെറുക്കേണ്ട് യുവജനതയുടെ കർത്തവ്യമാണ്, ബൃന്ദ കാരാട്ട് പറഞ്ഞു. ചടങ്ങിൽ സംസ്കൃതം സാഹിത്യ വിഭാഗം തലവൻ പ്രൊഫ. കെ. വി. അജിത്കുമാർ അധ്യക്ഷനായിരുന്നു. ഡോ. ധർമ്മരാജ് അടാട്ട് രചിച്ച നാല് പുസ്തകങ്ങളുടെ പ്രകാശനവും ചടങ്ങിൽ നടന്നു. ഡോ. ധർമ്മരാജ് അടാട്ട്, ഡോ. ടി. മിനി, ഡോ. സത്യൻ മലയിൽ, അഡ്വ. തുളസി ടീച്ചർ, ഡോക്ടർ കെ. എൽ. പത്മദാസ് എന്നിവർ പ്രസംഗിച്ചു.

## ഡിപ്ലോമ ഇൻ അപ്ലൈഡ് കൗൺസലിംഗ് പ്രോഗ്രാം: തീയതി ദീർഘിപ്പിച്ചു

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂ ണിറ്റി കോളേജ് 2024 ജനുവരി സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ അപ്ലൈഡ് കൗൺസലിംഗ് കോഴ്സിന് ഓൺലൈനായി അപേക്ഷിക്കുന്നതി നുള്ള തീയതി ദീർഘിപ്പിച്ചു. ബിരുദം ആണ് യോഗ്യത. വിദൂര വിദ്യാഭ്യാസ രീതി യിൽ നടത്തുന്ന കോഴ്സിന് ഒരു വർഷമാണ് കാലാവധി. സ്വയം പഠന സാമഗ്രികൾ, സമ്പർക്ക ക്ലാസ്സുകൾ, പ്രാക്ടിക്കൽ ട്രെയിനിംഗ് എന്നിവ കോഴ്സിൽ ചേരുന്നവർക്ക് ലഭിക്കും. കോഴ്സ് സംബന്ധിച്ച വിശദാംശങ്ങൾ ംംം.്യൃരരേ.ശി വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 31. ജില്ലയിലെ പഠനകേന്ദ്രം, മാർത്തോമ കോളേജ് ഓഫ് കൗൺസലിംഗ്, വൈറ്റില, എറണാകുളം682019 ഫോൺ 0484 2102095, 8891173041, 9074227245.

## മാർക്കറ്റ് മിസ്റ്ററി വർക്ക്ഷോപ്പ്

**കൊച്ചി;** മാർക്കറ്റിംഗ് മേഖലയിൽ കൂടുതൽ പ്രാവിണ്യം നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിൻറെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് റ് , 3 ദിവസത്തെ 'മാർക്കറ്റ് മിസ്റ്ററി വർക്ഷോപ്പ് സംഘടിപ്പിക്കുന്നു. ജനുവരി 23 മുതൽ 25 വരെ കളമശ്ശേരിയിൽ ഉള്ള ഗകഋഉ ക്യാമ്പസ്സിൽ വെച്ചാണ് പരിശീലനം സംഘടിപ്പിക്കുന്നത്. എം എസ് എം ഇ മേഖലയിലെ സംരംഭകർ / എക്സിക്യൂട്ടീവ്സ് എന്നിവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. മാർക്കറ്റ് ഐഡന്റിഫിക്കേഷനും സ്കോപ്പിംഗും, മാർക്കറ്റ് സെഗ്മെന്റേഷൻ, മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ, ലീഡ് പരിവർത്തന പ്രക്രിയ, ഡിജിറ്റൽ മാർക്കറ്റിംഗും സോഷ്യൽ മീഡിയ ഇടപെടലുകളും, എ ഐ പ്രാപ്തമാക്കിയ മാർക്കറ്റിംഗ് ടൂളുകളിലേക്കുള്ള ആമുഖം, ഇ കൊമേഴ്സിൽ ഉൽപ്പന്നങ്ങളുടെ ഓൺബോർഡിംഗ്, മാർക്കറ്റിംഗിൽ ആശയവിനിമയത്തിന്റെ പ്രാധാന്യം, ടീം ബിൽഡിംഗ് & മാനേജ്മെന്റ് റ് തുടങ്ങിയ നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2,950/ രൂപആണ് 3 ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ്ഫീ, സെർറ്റിഫിക്കേഷൻ, ഭക്ഷണം, താമസം, ഏടഠ ഉൾപ്പടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,200/ രൂപയാണ് 3 ദിവസത്തെ പരിശീലനത്തിന്റെറെ ഫീസ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് 1,800 രൂപ താമസം ഉൾപ്പെടെയും, 800 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ഓൺലൈനായി http://kied.infot/raining-calender / January 18 ന് മുൻപ് അപേക്ഷിക്കണംതിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് : 0484 2532890/0484 2550322/7994903058.

# സോഫി എസ്.ഐ.ജിയുമായി കൈകോർത്ത് ആക്സിയ ടെക്നോളജീസ്

**കൊച്ചി:** തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ആഗോള വാഹനസോഫ്ട്!വെയർ കമ്പനിയായ ആക്സിയ ടെക്നോളജീസ്, അന്താരാഷ്ട്ര തലത്തിൽ ഓട്ടോമോട്ടീവ്, ടെക്നോളജി രംഗങ്ങളിലെ സഹകരണകൂട്ടായ്മയായ സോഫീയുമായി കൈകോർക്കുന്നു. സോഫി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന 'സ്കെയ്ലബിൾ ഓപ്പൺ ആർകിടെക്ച്ചർ ഫോർ എംബഡ്ഡഡ് എഡ്ജ്' എന്ന സ്പെഷ്യൽ ഇന്ററസ്റ്റ് ഗ്രൂപ്പുമായാണ് ആക്സിയ ടെക്നോളജീസ് സഹകരിക്കുന്നത്. കൂടുതൽ മികവുറ്റതും വേഗമേറിയതുമായ സോഫ്ട്വെയറുകൾ വികസിപ്പിക്കാനും പരീക്ഷിക്കാനും പ്രയോഗിക്കാനും കമ്പനിക്ക് ഇതുവഴി അവസരമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.വാഹനവിപണിയിൽ വികസനവും പുതുമയും സുരക്ഷയും ഒരുക്കാനുള്ള കമ്പനിയുടെ ശ്രമങ്ങളുടെ ഭാഗമാണ് ഈ സഹകരണമെന്ന് ആക്സിയ ടെക്നോളജീസിന്റെ സ്ഥാപക സിഇഒ ജിജിമോൻ ചന്ദ്രൻ പറഞ്ഞു. സോഫീയുമായി സഹകരിച്ച് കമ്പനിയുടെ പ്രവർത്തനമണ്ഡലവും ലക്ഷ്യവും കൂടുതൽ വിശാലമാക്കുമെന്നും അദ്ദേഹം പറഞ്ഞു. സോഫീയുടെ ലക്ഷ്യങ്ങളും സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി, ഓട്ടോമൊബൈൽ രംഗത്തെ തങ്ങളുടെ സംഭാവനകൾ കൂടുതൽ വിപുലമാക്കാനും കഴിയുമെന്ന് അദ്ദേഹം വ്യക്തമാക്കി.സോഫിയുമായുള്ള സഹകരണം ആക്സിയയുടെ ഗുണഭോക്താക്കൾക്ക് ഏറെ പ്രയോജനപ്പെടും. കരുത്തുറ്റ, നെക്സ്റ്റ് ജനറേഷൻ സോഫ്ട്വെയറുകൾ ഉപയോഗിച്ച് ഈ രംഗത്തെ നിരവധി വെല്ലുവിളികൾക്ക് പരിഹാരം കണ്ടെത്താൻ കഴിയും. ഭാവിയിലുണ്ടാകുന്ന മാറ്റങ്ങളെ നേരത്തെ തിരിച്ചറിയാനും അവ ഉൾക്കൊള്ളാനുള്ള തയാറെടുപ്പുകൾ സ്വീകരിക്കാനും ആക്സിയ ടെക്നോളജീസിന്റെ എഞ്ചിനീയർമാരെ ഈ സഹകരണം പ്രാപ്തരാക്കുകയും ചെയ്യും.

# കസ്റ്റമർ കെയർ മഹോത്സവുമായി ടാറ്റ മോട്ടോഴ്സ്

**കൊച്ച:** വാണിജ്യ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോഴ്സ് വാണിജ്യ വാഹന ഉപഭോക്താക്കൾക്കായി കസ്റ്റമർ കെയർ മഹോത്സവ് സംഘടിപ്പിക്കുന്നു. മാർച്ച് 30 വരെ എല്ലാ അംഗീകൃത ടാറ്റാ മോട്ടോഴ്സ് സേവന ഔട്ട്ലറ്റുകളിലുമാണ് മഹോത്സവ് നടക്കുന്നത്. ഫ് ളീറ്റ് ഓണർമാർക്കും ട്രക്ക് ഡ്രൈവർമാർക്കും വാഹന സംബന്ധമായി ഉയർന്നുവരുന്ന ആശയങ്ങളും ആവശ്യങ്ങളും നിർദേശങ്ങളും കമ്പനിക്ക് മനസിലാക്കാനും അവരുമായി ഇടപഴകാനും കസ്റ്റമർ കെയർ മഹോത്സവ് വഴി കഴിയും. പരിശീലനം ലഭിച്ച സാങ്കേതിക വിദഗ്ധരുടെ സൂക്ഷ്മമായ വാഹന പരിശോധന, ടാറ്റയുടെ ഒറിജിനൽ പാർട്സുകളുടെ ആകർഷകമായ ശ്രേണിയിൽ ഡിസ്കൗണ്ട്, വാർഷിക മെയിന്റനൻസ് കോൺട്രാക്ട് (എ.എം.സി) ഫ്ളീറ്റ് മാനേജ്മെന്റ് സൊല്യൂഷൻസ് (എഫ്.എം.എസ്), ഫ്ളീറ്റ് എഡ്ജ് തുടങ്ങിയ സേവനങ്ങൾ ഇതിലൂടെ ലഭ്യമാകും. സമ്പൂർണ സേവ 2.0 എന്ന സംരംഭത്തിന് കീഴിൽ സുരക്ഷിതവും ഇന്ധനക്ഷമവുമായ ഡ്രൈവിങ്ങ് രീതികൾ, ഹെൽത്ത് ചെക് അപ്, ഹൈജീൻ കിറ്റുകൾ, മൂല്യ നിർദേശങ്ങൾ എന്നിവയെക്കുറിച്ചുള്ള സമഗ്രമായ പരിശീലനവും അടങ്ങിയിട്ടുണ്ടെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ഉപഭോക്താക്കൾക്കായി മെറ്റഇക്കുലസ് വെഹിക്കിൾ ചെക്കപ്പ്,വാല്യൂ ആഡഡ് സർവീസുകൾ,തെരഞ്ഞെടുക്കപ്പെട്ട ടാറ്റാ ജനുവിൻ പാർട്സുകൾക്ക് ആകർഷകമായ ഡിസ്കൗണ്ട് എന്നിവയും ഡ്രൈവർമാർക്ക്ഹൈജീൻ കിറ്റുകൾ,ഹെൽത്ത് ചെക്കപ്പുകൾ,കോംപ്രിഹൻസീവ് ട്രെയ്നിങ്ങ് എന്നിവയാണ്.ടാറ്റ മോട്ടോഴ്സിലെ എല്ലാ സേവനങ്ങളും ഉപഭോക്തൃ കേന്ദ്രീകൃതമാണെന്നും ഓഫറുകളും സേവനങ്ങളും ഉപഭോക്താക്കളുടെ പ്രതികരണങ്ങളും അഭിപ്രായങ്ങളും അനുസരിച്ചാണ് ക്രമീകരിക്കുകയും ഉറപ്പാക്കുകയും ചെയ്യുന്നതെന്നും ടാറ്റ മോട്ടോഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ഗിരീഷ് വാഗ് പറഞ്ഞു. ടാറ്റാ മോട്ടോഴ്സിന്റെ സമ്പന്നവും വൈവിധ്യപൂർണവുമായ സേവന വാഗ്ദാനങ്ങൾ പ്രദർശിപ്പിക്കുന്നതിനും ഉപഭോക്താക്കളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ മഹോത്സവം രൂപകൽപ്പന ചെയ്തിരിക്കുന്നത്. ട്രക്കുകൾ, ബസുകൾ, വാനുകൾ, ചെറിയ ട്രക്കുകൾ തുടങ്ങിയ എല്ലാ ശ്രേണിയും ഉൾപ്പെടുത്തിയാണ് രാജ്യത്തുടനീളം ഈ മഹോത്സവം ആഘോഷിക്കുന്നത്. ഈ മഹോത്സവം ഉപഭോക്താക്കൾക്ക് പ്രയോജനകരമാക്കുക എന്നതാണ് ഞങ്ങളുടെ പ്രതിബദ്ധത. ഈ ഓഫറുകൾ ഉപയോഗപ്പെടുത്താനും വ്യക്തിപരമായി അനുഭവിക്കാനും ഓരോ ഡ്രൈവർമാരോടും ഉപഭോക്താക്കളോടും ആഹ്വാനം ചെയ്യുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# പോഷകാഹാര ബോധവൽക്കരണ പരിപാടിക്ക് തുടക്കം

**കൊച്ചി:** സ്റ്റേറ്റ് ന്യൂട്രിഷൻ ആൻഡ് ഡയറ്റ് റിലേറ്റഡ് ഇന്റർവെൻഷൻ പ്രോഗ്രാമിന്റെ ഭാഗമായി സംഘടിപ്പിച്ച പോഷകാഹാര ബോധവൽക്കരണ പരിപാടി കെ.ജെ മാക്സി എം.എൽ.എ ഉദ്ഘാടനം ചെയ്തു. പള്ളുരുത്തി സെന്റ് തോമസ് പാരിഷ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയുടെ ഭാഗമായി ഫാൻസി ഡ്രസ്സ്, റീൽസ്, ഓപ്പൺ ടാലൻറ് ഷോ, കുക്കറി ഷോ, പോസ്റ്റർ രചന എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു. കൊച്ചിൻ കോർപ്പറേഷൻ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ടി.കെ അഷറഫ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി.എ സഗീർ, ഡിവിഷൻ കൗൺസിലർ പി.ആർ രചന, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ. സക്കീന, മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സൂപ്രണ്ട് ഡോ. സിസി തങ്കച്ചൻ, ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സി. രോഹിണി, കുമ്പളങ്ങി സാമൂഹ്യ ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. സി. ആശാമോൾ, ജില്ലാ മാസ് മീഡിയ ഓഫീസർ സി.എം ശ്രീജ തുടങ്ങിയവർ പങ്കെടുത്തു.കുട്ടികളിൽ ചെറുപ്പം മുതൽ തന്നെ ആരോഗ്യകരമായ ഭക്ഷണ ശീലങ്ങളും ജീവിത രീതികളും പ്രോത്സാഹിപ്പിക്കുന്നതിന് ആരോഗ്യവകുപ്പ് എറണാകുളം 'സൂപ്പർ മനു' എന്ന പേരിൽ ഹ്രസ്വ ചിത്രം നിർമ്മിച്ചിട്ടുണ്ട്.

# ഫെഡറൽ ബാങ്കിന് 1007 കോടി രൂപ അറ്റാദായം

FEDERAL BANK
YOUR PERFECT BANKING PARTNER

**കൊച്ചി:** 2023 ഡിസംബർ 31ന് അവസാനിച്ച സാമ്പത്തിക വർഷത്തെ മൂന്നാംപാദത്തിൽ 25.28 ശതമാനം വർദ്ധനവോടെ ഫെഡറൽ ബാങ്ക് 1006.74 കോടി രൂപ അറ്റാദായം രേഖപ്പെടുത്തി. മുൻ വർഷം ഇതേ പാദത്തിൽ 803.61 കോടി രൂപയായിരുന്നു അറ്റാദായം. ചരിത്രത്തിലെ ഏറ്റവുമുയർന്ന അറ്റാദായം നേടാനായി എന്നതിനൊപ്പം 1000 കോടി രൂപയെന്ന നാഴികക്കല്ലും ഇതോടെ ബാങ്ക് മറികടന്നു. ഞങ്ങളുടെ ടീമിന്റെ അർപ്പണബോധത്തോടെയുള്ള പ്രവർത്തനങ്ങളുടെ ഫലമായി 1007 കോടി രൂപ എന്ന ചരിത്രത്തിലെ ഏറ്റവുമുയർന്ന പാദവാർഷിക അറ്റാദായത്തോടെ സുപ്രധാനമായ നാഴികക്കല്ലു കടക്കാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് ബാങ്കിന്റെ എംഡിയും സി ഇ ഒയുമായ ശ്യാം ശ്രീനിവാസൻ പറഞ്ഞു.കഴിഞ്ഞ കലണ്ടർ വർഷം തുറന്ന നൂറിലധികം ശാഖകളും ഈ വർഷം തുറക്കാനുദ്ദേശിക്കുന്ന അത്രതന്നെ ശാഖകളും ഞങ്ങളുടെ വളർച്ചയ്ക്ക് പുതിയ ഊർജ്ജം പകരുന്നതാണ്. ഏറ്റവും ആദരിക്കപ്പെടുന്ന ബാങ്കായി മാറുക എന്ന ഞങ്ങളുടെ സ്വപ്നം സാക്ഷാത്കരിക്കാനുള്ള പ്രചോദനമാണ് കൂടുതൽ ഉത്പന്നങ്ങളും സേവനങ്ങളുമായി പുതിയ മേഖലകളിലേയ്ക്ക് വളരുമ്പോൾ ഞങ്ങൾക്കു ലഭിക്കുന്നതെന്നും ശ്യാം ശ്രീനിവാസൻ കൂട്ടിച്ചേർത്തു. പ്രവർത്തനലാഭത്തിലും ബാങ്കിന് മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചു. 12.80 ശതമാനം വർധനവോടെ പ്രവർത്തന ലാഭം 1437.33 കോടി രൂപയിലെത്തി. മുൻവർഷം ഇതേ കാലയളവിൽ 1274.21 കോടി രൂപയായിരുന്നു പ്രവർത്തനലാഭം. ബാങ്കിന്റെ മൊത്തം ബിസിനസ് 18.72 ശതമാനം വർധിച്ച് 438776.39 കോടി രൂപയിലെത്തി. മുൻവർഷം ഇതേ പാദത്തിൽ 201408.12 കോടി രൂപയായിരുന്ന നിക്ഷേപം 239591.16 കോടി രൂപയായി വർധിച്ചു.വായ്പാ വിതരണത്തിലും ബാങ്കിന് മികച്ച വളർച്ച കൈവരിക്കാൻ സാധിച്ചു. ആകെ വായ്പ മുൻ വർഷത്തെ 168173.13 കോടി രൂപയിൽ നിന്ന് 199185.23 കോടി രൂപയായി വർധിച്ചു. റീട്ടെയൽ വായ്പകൾ 20.39 ശതമാനം വർധിച്ച് 65041.08 കോടി രൂപയായി. കാർഷിക വായ്പകൾ 26.94 ശതമാനം വർധിച്ച് 26646.60 കോടി രൂപയിലും വാണിജ്യ ബാങ്കിങ് വായ്പകൾ 25.99 ശതമാനം വർധിച്ച് 20773.55 കോടി രൂപയിലും കോർപറേറ്റ് വായ്പകൾ 14.38 ശതമാനം വർധിച്ച് 71978.41 കോടി രൂപയിലുമെത്തി. അറ്റപലിശ വരുമാനം 8.53 ശതമാനം വർധനയോടെ 2123.36 കോടി രൂപയിലെത്തി. കഴിഞ്ഞ സാമ്പത്തിക വർഷം ഇത് 1956.53 കോടി രൂപയായിരുന്നു. 4628.79 കോടി രൂപയാണ് ബാങ്കിന്റെ മൊത്ത നിഷ്ക്രിയ ആസ്തി. മൊത്തം വായ്പകളുടെ 2.29 ശതമാനമാണിത്. അറ്റ നിഷ്ക്രിയ ആസ്തി 1284.37 കോടി രൂപയാണ്. മൊത്തം വായ്പകളുടെ 0.64 ശതമാനമാണിത്. 71.08 ആണ് നീക്കിയിരുപ്പ് അനുപാതം. ഈ പാദത്തോടെ ബാങ്കിന്റെ അറ്റമൂല്യം 28084.72 കോടി രൂപയായി വർധിച്ചു. 15.02 ശതമാനമാണ് മൂലധന പര്യാപ്തതാ അനുപാതം. ബാങ്കിന് നിലവിൽ 1418 ശാഖകളും 1960 എടിഎമ്മുകളുമുണ്ട്.

# ലാ ഷീൽഡ് സ്കിൻ കെയർ ഉൽപ്പന്നങ്ങൾ പുറത്തിറക്കി



**കൊച്ചി:** ഗ്ലെൻമാർക്ക് ഫാർമസ്യൂട്ടിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന രാജ്യത്തെ മുൻനിര ഇന്ത്യൻ ഡെർമ കമ്പനിയിൽ നിന്നുള്ള സയൻസ്ഇൻഫ്യൂസ്ഡ് സ്കിൻകെയർ ബ്രാൻഡായ ലാ ഷീൽഡ് ഇന്ത്യയിൽ പ്രോബയോട്ടിക് ഇൻഫ്യൂസ്ഡ് സ്കിൻ കെയർ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുന്നു. പ്രോബയോട്ടിക് മോയ്സ്ചുറൈസർ ഫേസ് ക്രീം, ലാ ഷീൽഡ് പ്രോബയോട്ടിക് മോയ്സ്ചറൈസർ ബോഡി ലോഷൻ എന്നീ ഉൽപ്പന്നങ്ങളാണ് പുറത്തിറക്കുന്നത്. അൾട്രാവയലറ്റ് വികിരണം, മലിനീകരണം, പുക, പൊടി തുടങ്ങിയവയിൽ നിന്നാകുന്ന പ്രശ്നങ്ങളിൽ നിന്ന് ചർമ്മത്തെ സംരക്ഷിക്കാൻ പ്രോബയോട്ടിക്ഇൻഫ്യൂസ്ഡ് സ്കിൻ കെയർ ഉൽപ്പന്നങ്ങൾക്കാവും. ലാ ഷീൽഡ് പ്രോബയോട്ടിക് മോയ്സ്ചുറൈസർ ഫേസ് ക്രീം 399 രൂപയ്ക്കും ലാ ഷീൽഡ് പ്രോബയോട്ടിക് മോയ്സ്ചറൈസർ ബോഡി ലോഷൻ 299 രൂപയ്ക്കും ഇപ്പോൾ ആമസോണിൽ ലഭ്യമാണ്. സൂര്യതാപം, മലിനീകരണം എന്നിവ മൂലമുണ്ടാകുന്ന ചർമ്മ പ്രശ്നങ്ങൾ പരിഹരിക്കാനും ചർമ്മത്തെ ഒന്നിലധികം രീതിയിൽ സംരക്ഷിക്കാനും മെച്ചപ്പെടുത്താനും സഹായിക്കുന്ന ലാ ഷീൽഡ് പ്രോബയോട്ടിക് മോയ്സ്ചുറൈസർ ഫേസ് ക്രീം ചർമ്മത്തിന് അതിന്റെ സ്വാഭാവിക സന്തുലിതാവസ്ഥ പുനഃസ്ഥാപിച്ചു കൊ് 72 മണിക്കൂർ വരെ ജലാംശം നൽകുകയും ചെയ്യുന്നുവെന്ന് കമ്പനി അവകാശപ്പെടുന്നു. എല്ലാ ചർമ്മ തരങ്ങൾക്കും അനുയോജ്യമായ ലാ ഷീൽഡ് പ്രോബയോട്ടിക് മോയ്സ്ചുറൈസർ ഫേസ് ക്രീം കഠിനമായ രാസവസ്തുക്കളിൽ നിന്ന് മുക്തമാണ്.വര ചർമ്മമുള്ളവർക്ക് 72 മണിക്കൂർ നീുനിൽക്കുന്ന ധാരാളം ഈർപ്പം നൽകുന്ന ലാ ഷീൽഡ് പ്രോബയോട്ടിക് മോയ്സ്ചറൈസർ ബോഡി ലോഷൻ ചർമ്മസംരക്ഷണ ദിനചര്യയിൽ ചേർക്കാൻ പറ്റുന്ന ഒന്നാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ബാംബൂ ഫെസ്റ്റിന് ഇന്ന് സമാപനം



**കൊച്ചി:** നഗരത്തിൽ മുളയുടെ വിസ്മയലോകം തീർത്ത ഇരുപതാമത് കേരള ബാംബൂ ഫെസ്റ്റിന് ഇന്നു കൊടിയിറക്കം. വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി സംസ്ഥാന ബാംബൂ മിഷൻ, കെ ബിപ് തുടങ്ങിയവയുടെ പങ്കാളിത്തത്തോടെ കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്ത് സംഘടിപ്പിച്ച പ്രദർശന വിപണന മേളയിലേത് സങ്കൽപ്പങ്ങൾക്കുമപ്പുറത്തെ വൈവിധ്യങ്ങൾ. ബഹുവിധ മുളകൾ മുതൽ മുളയിൽ തീർത്ത ഗൃഹോപകരണങ്ങൾ, ഫർണിച്ചറുകൾ, ലൈറ്റ് ഷെയ്ഡുകൾ, നാച്ചുറൽ ആംപ്ലിഫയർ, കരകൗശല അലങ്കാര വസ്തുക്കൾ, ആഭരണങ്ങൾ എന്നിവയും ഔഷധഗുണമേറിയ ഭക്ഷ്യവിഭവങ്ങളും കാണാനും വാങ്ങാനുമെത്തുന്നവരുടെ വൻതിരക്കാണ് മേളയിൽ.ഇക്കുറി ബാംബൂ ഫെസ്റ്റിനെ ഏറ്റവും ശ്രദ്ധേയമാക്കുന്നത് ഇതാദ്യമായി അന്താരാഷ്ട്ര പ്രതിനിധ്യമുണ്ടായെന്നതാണ്. ജപ്പാൻ പ്രതിനിധികളായ 38കാരി കെയ് ഹസേഗാവയും 21കാരൻ ഇനൊവ വാക്കുവും 'ജപ്പാനിലെ ജീവിതം' എന്ന ശീർഷകത്തിൽ ഒരുക്കിയ സ്റ്റാളിൽ ദൈനംദിനാവശ്യത്തിനുള്ള വീട്ടുപകരണങ്ങളും തൊപ്പിയും കരകൗശല വസ്തുക്കളും ഒക്കെ ആകർഷകം. പൂർണ്ണതയും സൂക്ഷ്മതയുമാണ് ജാപ്പനീസ് മുളയായ മഡാക്കിയിൽ തീർത്ത ഉത്പന്നങ്ങളുടെ സവിശേഷത.ഭാഷാപരിമിതികൾക്കിടയിലും നിറചിരിയോടെ മേള കാണാനെത്തുന്നവരെ സ്റ്റാളിലേക്കു ക്ഷണിക്കുന്ന കെയും ഇനൊവയും മേളയുടെ മുഖങ്ങളായി. മറ്റു സ്റ്റാളുകളിലും ലൈവ് ഡെമോ കേന്ദ്രത്തിലുമെത്തി കേരളത്തിലെയും മറ്റും മുളയിലെ കരവിരുതുകളും നിർമ്മാണ പ്രക്രിയകളും മനസിലാക്കാനും ഇവർ സമയം കണ്ടെത്തുന്നു. 14 വയസുമുതൽ മുളമേഖലയിൽ സജീവമാണ് ഇനൊവ. ജപ്പാനിലെ ബാംബൂ, ക്രാഫ്റ്റ് പ്രദർശനങ്ങളിൽ പതിവുകാരായ ഇരുവരും ബാംബൂ മിഷന്റെ ക്ഷണപ്രകാരം ജപ്പാൻ ഇന്റർനാഷണൽ കോർപ്പറേഷൻ ഏജൻസിയുടെ സഹായത്തോടെയാണ് ബാംബൂ ഫെസ്റ്റിന്റെ ഭാഗമായത്.മുളയിലൂടെ ഒരു ഗ്രാമത്തിന്റെ സുസ്ഥിര വളർച്ച ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന വയനാട് ഉറവ് സന്നദ്ധ സംഘടന, സ്റ്റാളുകളുടെ എണ്ണവും ഉത്പന്നങ്ങളുടെ വൈപുല്യം കൊണ്ടും ഫെസ്റ്റിൽ സജീവം. മുള നഴ്സറിയുടെ മുതൽ നൂതന ഉത്പന്നങ്ങളുടെ വരെയായി ഏഴു സ്റ്റാളുകൾ ഇവരുടേതായുണ്ട്. വയനാട്ടിലെ തൃക്കൈപ്പെറ്റ എന്ന പൈതൃക ഗ്രാമത്തിൽ നിന്നുള്ള മറ്റു പല സ്റ്റാളുകളും ഉറവിൽ നിന്നു മുളയിൽ വൈദഗ്ധ്യം നേടിയവരുടേതാണ്.അമ്പതിലേറെയിനം മുളയുടെ തൈകൾ മേളയിലുണ്ട്. ഉറവിന്റേതിന് പുറമെ മറ്റുരണ്ടു സ്റ്റാളുകളിലും തൈകൾക്ക് ഇക്കുറി ആവശ്യക്കാരേറെ. പലരും തൈകൾ ബുക്ക് ചെയ്യുന്നുമുണ്ട്. യൂട്ടിലിറ്റി ഡെക്കറേറ്റിവ് ഉത്പന്നങ്ങൾ, ആഭരണങ്ങൾ, ലാംപ് ഷെയ്ഡുകൾ, കർട്ടനുകൾ തുടങ്ങിയവയുടെ ഏറ്റവും പുതിയ മോഡലുകളാണ് ഉറവ് മികവോടെ ഫെസ്റ്റിൽ അവതരിപ്പിച്ചിട്ടുള്ളതെന്ന് ഓപ്പറേഷൻസ് ഹെഡ് ഹെന്ന പോൾ പറഞ്ഞു.ഫെസ്റ്റിലെ മനോഹരവുംബാംബൂ ഫെസ്റ്റിൽ ഇക്കുറി ഒരു മുളശില്പമുണ്ട്: തൃശൂർ ചൊവ്വന്നൂർ ബിനേഷ് ബാലൻ ഒരുക്കിയ മനോഹരമായ പരുന്തിന്റെ പൂർണകായ രൂപം. സാധാരണ പരുന്തിലും വലുപ്പമുള്ള ശിൽപം തീർത്തത് മുളയും ചൂരലും ഉപയോഗിച്ച്.

# ഇപാക്ക് ഡ്യൂറബിൾ ലിമിറ്റഡ് ഐപിഒ ജനുവരി 19 മുതൽ

**മുംബൈ:** ഇപാക്ക് ഡ്യൂറബിൾ ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) ജനുവരി 19 മുതൽ 23 വരെ നടക്കും. ആങ്കർ നിക്ഷേപകർക്കുള്ള ബിഡ്ഡിംഗ് 18 നായിരിക്കും. 400 കോടി രൂപയുടെ പുതിയ ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള ഓഹരി ഉടമകളുടെയും 10,437,047 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 218 രൂപ മുതൽ 230 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 65 ഓഹരികൾക്കും തുടർന്ന് 65 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഡിഎഎം ക്യാപിറ്റൽ അഡ്വൈസേഴ്സ് ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിംഗ് ലീഡ് മാനേജർമാർ.

## വാർഡ്വിസാർഡ് ഇന്നൊവേഷൻസ് ആന്റ് മൊബിലിറ്റി ലാഭത്തിൽ 81 ശതമാനം വർധനവ്

**കൊച്ചി:** വൈദ്യുത വാഹന രംഗത്തെ നിർമാണ കമ്പനിയായ വാർഡ്വിസാർഡ് ഇന്നൊവേഷൻസ് ആന്റ് മൊബിലിറ്റി 2024 സാമ്പത്തിക വർഷത്തിലെ മൂന്നാം ത്രൈമാസത്തിൽ 5.70 ശതമാനം അറ്റാദായം കൈവരിച്ചു. നികുതിക്കു മുൻപുള്ള ലാഭം 11.50 ശതമാനമാണ്. ലാഭത്തിന്റെ കാര്യത്തിൽ മുൻ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 80.94 ശതമാനം വർധനവാണിത്. വാർഡ്വിസാർഡിന്റെ ജോയ് ഇ-ബൈക്ക് നൂറിലേറെ എക്സിക്ലൂസീവ് ഷോറൂമുകളും 750 ടച്ച് പോയിന്റുകളുമാണ് കഴിഞ്ഞ ആറു മാസത്തിനിടെ രാജ്യത്ത് ആരംഭിച്ചത്. വിൽപനയുടെ കാര്യത്തിലായ വർധനവ് തങ്ങളുടെ പുതിയ പദ്ധതികളിൽ ജനങ്ങൾക്കുള്ള താൽപര്യത്തെയാണു കാണിക്കുന്നതെന്ന് ഇതേക്കുറിച്ചു പ്രതികരിക്കവെ വാർഡ് വിസാർഡ് ഇന്നൊവേഷൻസ് ആന്റ് മൊബിലിറ്റി ചെയർമാനും മാനേജിങ് ഡയറക്ടറുമായ യതിൻ ഗുപ്തെ പറഞ്ഞു. വൈദ്യുത വാഹന അനുബന്ധ സാമഗ്രികൾക്കായുള്ള ക്ലസ്റ്ററിനു വേ കമ്പനി ഗുജറാത്ത് സർക്കാരുമായി രണ്ടായിരം കോടി രൂപയുടെ ധാരണാപത്രം ഒപ്പു വെച്ചിട്ടുണ്ട്.

# 4000 കോടി രൂപയുടെ പദ്ധതികൾ; പ്രധാനമന്ത്രി ഇന്ന് രാജ്യത്തിന് സമർപ്പിക്കും

**കൊച്ചി:** ഇന്ത്യയുടെ അടിസ്ഥാന സൗകര്യവികസന രംഗത്ത് നാഴികക്കല്ലാകുന്ന 4000 കോടി രൂപയുടെ മൂന്ന് വൻകിട പദ്ധതികൾ ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിനു സമർപ്പിക്കും. കൊച്ചിൻ ഷിപ്യാർഡ് ലിമിറ്റഡിന്റെ ന്യൂ ഡ്രൈ ഡോക്ക്, ഇന്റർനാഷനൽ ഷിപ്പ് റിപയർ ഫെസിലിറ്റി (ഐഎസ്ആർഎഫ്), ഇന്ത്യൻ ഓയിൽ കോർപറേഷന്റെ എൽപിജി ഇംപോർട്ട് ടെർമിനൽ എന്നിവയാണ് പ്രധാനമന്ത്രി കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുന്ന വൻകിട പദ്ധതികൾ. കൊച്ചി കപ്പൽശാലയുടെ ന്യൂ ഡ്രൈ ഡോക്കും ഐഎസ്ആർഎഫും ആഗോള തലത്തിൽ കപ്പൽ നിർമ്മാണ, അറ്റക്കുറ്റപ്പണി രംഗത്ത് ഇന്ത്യയ്ക്ക് കൂടുതൽ കരുത്താകും. ഊർജ്ജ രംഗത്ത് രാജ്യത്തിന് മുതൽക്കൂട്ടാകുന്ന ഐഒസിയുടെ എൽപിജി ഇംപോർട്ട് ടെർമിനൽ ലക്ഷക്കണക്കിന് വീടുകളിലേക്കും സ്ഥാപനങ്ങളിലേക്കും തടസ്സങ്ങളില്ലാതെ എൽപിജി വിതരണം ഉറപ്പാക്കുന്നതിനും സഹായകമാകും. കൊച്ചി കപ്പൽ ശാലയിൽ 1,799 കോടി രൂപ ചെലവിൽ നിർമ്മിച്ച ന്യൂ ഡ്രൈ ഡോക്ക് മാരിടൈം രംഗത്തെ ഇന്ത്യയുടെ എഞ്ചിനീയറിങ് വൈഭവവും പദ്ധതി നിർവഹണ വൈദഗ്ധ്യവും വിളിച്ചോതുന്നതാണ്. മേഖലയിലെ ഏറ്റവും വലിയ ഡ്രൈ ഡോക്കായ ഇത് ഏറ്റവും ആധുനികമായ സാങ്കേതികവിദ്യകൾ ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. 310 മീറ്റർ നീളമുള്ള ഈ സ്റ്റെപ്പ്ഡ് ഡ്രൈ ഡോക്കിന് 13 മീറ്റർ ആഴവും 75/60 മീറ്റർ വീതിയുമുണ്ട്. കുറഞ്ഞ പാരിസ്ഥിതിക ആഘാതം, സുരക്ഷിതത്വം, മികച്ച പ്രവർത്തന ക്ഷമത എന്നിവയാണ് സവിശേഷതകൾ. 70000 ടൺ വരെ ഭാരമുള്ള വിമാനവാഹിനികൾ, കേപ്സൈസ് ആന്റ് സൂയസ്മാക്സ് ഉൾപ്പെടെയുള്ള കൂറ്റൻ ചരക്കു കപ്പലുകൾ, ജാക്ക് അപ്പ് റിഗ്സ്, എൻഎൻജി കപ്പലുകൾ തുടങ്ങി വലിയ കപ്പലുകളെ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷിയും ഈ ഡ്രൈ ഡോക്കിനുണ്ട്. ഇത് പൂർണ തോതിൽ പ്രവർത്തന സജ്ജമാകുന്നതോടെ 2000



പേർക്ക് നേരിട്ടും ഇതിന്റെ ആറിരട്ടിയോളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും. കൂടാതെ അനുബന്ധ വ്യവസായങ്ങളുടേയും ചെറുകിട സംരംഭങ്ങളുടേയും വളർച്ചയേയും ഇത് ത്വരിതപ്പെടുത്തും.വില്ലിങ്ടൺ ഐലൻഡിലെ കൊച്ചിൻ പോർട്ട് അതോറിറ്റിയുടെ 42 ഏക്കർ ഭൂമി പാട്ടത്തിനെടുത്താണ് 970 കോടി രൂപ ചെലവിൽ രാജ്യാന്തര കപ്പൽ അറ്റക്കുറ്റപ്പണി കേന്ദ്രമായ ഐഎസ്ആർഎഫ് ഒരുക്കിയിരിക്കുന്നത്. കൊച്ചിയെ ഒരു ആഗോള കപ്പൽ റിപ്പയർ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി യാഥാർത്ഥ്യമാക്കിയിരിക്കുന്നത്. 6000 ടൺ ശേഷിയുള്ള ഷിഫ് ലിഫ്റ്റ് സിസ്റ്റം, ട്രാൻസ്ഫർ സിസ്റ്റം, ആറ് വർക്ക് സ്റ്റേഷനുകൾ, 130 മീറ്റർ വരെ നീളമുള്ള ഏഴ് കപ്പലുകളെ ഒരേ സമയം ഉൾക്കൊള്ളുന്ന 1400 മീറ്റർ ബെർത്ത് തുടങ്ങിയവ ഐഎസ്ആർഎഫിന്റെ മാത്രം സവിശേഷതകളാണ്. കൊച്ചി കപ്പൽശാലയുടെ നിലവിലെ ഷിപ്പ് റിപ്പയർ സംവിധാനങ്ങളെ ആധുനികവൽക്കരിക്കുന്നതിലും കൊച്ചിയെ ഒരു ആഗോള ഷിപ്പ് റിപ്പയർ ഹബ് ആക്കി മാറ്റുന്നതിലും ഐഎസ്ആർഎഫ് നിർണായക പങ്കുവഹിക്കും. ഇന്ത്യയിൽ ഷിപ്പ് റിപ്പയർ ക്ലസ്റ്ററുകൾ സൃഷ്ടിക്കുക എന്ന പ്രധാനമന്ത്രിയുടെ പദ്ധതിയുടെ ഭാഗമാണിത്. ഐഎസ്ആർഎഫ് 2000 പേർക്ക് നേരിട്ട് തൊഴിൽ നൽകും. മാരിടൈം ഇന്ത്യ വിഷൻ 2030 എന്ന കേന്ദ്ര സർക്കാരിന്റെ സുപ്രധാന മാരിടൈം വികസന പദ്ധതിയുടെ പ്രധാനലക്ഷ്യപൂർത്തീകരണമാണ് ഈ പദ്ധതികൾ. ഈ രണ്ടു പദ്ധതികളും ഈ രംഗത്തെ ഇന്ത്യയുടെ വളർച്ചയ്ക്ക് കരുത്തേകുകയും സ്വയം പര്യാപ്തമാക്കുകയും ആഗോള പ്രശസ്തിയിലേക്ക് നയിക്കുകയും ചെയ്യും.കൊച്ചിയിലെ പുതുവൈപ്പിനിലാണ് 1,236 കോടി രൂപ ചെലവിൽ ഇന്ത്യൻ ഓയിൽ കോർപറേഷന്റെ പുതിയ എൽപിജി ഇംപോർട്ട് ടെർമിനൽ പണിപൂർത്തീകരിച്ചിരിക്കുന്നത്. 3.5 കിലോമീറ്റർ ക്രോസ് കൺട്രി പൈപ്പ്ലൈനിലൂടെ മൾട്ടി യൂസർ ലിക്വിഡ് ടെർമിനൽ ജെട്ടിയുമായി ബന്ധിപ്പിച്ച ഈ അത്യാധുനിക ടെർമിനലിന് 1.2 എംഎംടിപിഎ ശേഷിയുണ്ട്. ദക്ഷിണേന്ത്യയുടെ എൽപിജി ആവശ്യകത നിറവേറ്റാൻ കഴിയുന്ന വിധത്തിലാണ് തന്ത്രപ്രധാന സ്ഥലമായ കൊച്ചിയിൽ ഇതൊരുക്കിയിരിക്കുന്നത്. 15400 മെട്രിക് ടൺ സംഭരണ ശേഷിയുള്ള ഈ ടെർമിനൽ റോഡ്, പൈപ്പ് ലൈൻ വഴികളിലൂടെയുള്ള എൽപിജി വിതരണം ഉറപ്പാക്കും. കേരളത്തിലെയും തമിഴ് നാട്ടിലെയും ബോട്ടിലിംഗ് പ്ലാന്റുകൾക്കും ഇത് പ്രയോജനം ചെയ്യും. എൽപിജി വിതരണത്തിൽ പ്രതിവർഷം 150 കോടി രൂപയുടെ ചെലവ് കുറയ്ക്കാനും 18000 ടൺ കാർബൺ പുറന്തള്ളൽ കുറയ്ക്കാനും ഈ പുതിയ ടെർമിനൽ സഹായകമാകും. നിർമ്മാണ ഘട്ടത്തിൽ തന്നെ ഈ പദ്ധതി 3.7 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രവർത്തന സജ്ജമായാൽ പ്രതിവർഷം 19800 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും ഈ പദ്ധതിക്കു കഴിയും. 2047ൽ വികസിത ഭാരതമാകുക എന്ന രാജ്യത്തിന്റെ ലക്ഷ്യത്തിലേക്കുള്ള ചുവടുകൾക്ക് കൂടുതൽ കരുത്തേകാനും രാജ്യത്തിന്റെ സമ്പദ്ഘടനയ്ക്ക് ഗുണം ചെയ്യുന്ന മികച്ച അടിസ്ഥാന സൗകര്യ വികസനത്തിനും ഈ പദ്ധതികൾ വഴിയൊരുക്കും.

# പുതിയ ഹുണ്ടായി ക്രെറ്റ പുറത്തിറക്കി




**കൊച്ചി:** അത്യാധുനീക സാങ്കേതികവിദ്യയുടെ പിൻബലത്തോടെയുള്ള പുതിയ ഹുണ്ടായി ക്രെറ്റ അവതരിപ്പിച്ചു. സുരക്ഷ, പ്രകടനം, സൗകര്യങ്ങൾ എന്നിവയിലെല്ലാം ഈ വിഭാഗത്തിലെ പുതിയ നിർവചനങ്ങളുമായായാണിതെത്തുന്നത്. ക്വാഡ് ബീം എൽഇഡി ഹെഡ്ലാമ്പുകൾ, 26.03 സെന്റീമീറ്റർ എച്ച്ഡി ഇൻഫോടെയ്ൻമെന്റ്, പ്രീമിയം ഇന്റീരിയറുകൾ, ഡ്രൈവ് മോഡുകൾ തെരഞ്ഞെടുക്കാനുള്ള സൗകര്യം, എട്ടു സ്പീക്കറുകളുമായുള്ള ബോസ് പ്രീമിയം സൗണ്ട് സിസ്റ്റം, എഴുപതിലേറെ സൗകര്യങ്ങളുമായുള്ള അഡ്വാൻസ്ഡ് ബ്ലൂലിങ്ക് കണക്ടഡ് കാർ സർവീസ് തുടങ്ങിയവ ഇതിന്റെ സവിശേഷതകളാണ്. ആധുനീക ലെവൽ 2 അഡാസ് സുരക്ഷാ സ്യൂട്ടുകൾ, 1.5 ലിറ്റർ ടർബോ ജിഡിഐ എഞ്ചിൻ എന്നിവ അടക്കം ഈ വിഭാഗത്തിലെ മുൻനിര സവിശേഷതകളാണ് പുതിയ ഹുണ്ടയി ക്രെറ്റയ്ക്കുള്ളതെന്ന് ഹുണ്ടായി മോട്ടോർ ഇന്ത്യ മാനേജിങ് ഡയറക്ടറും സിഇഒയുമായ ഉൺസു കിം പറഞ്ഞു. ഇന്ത്യയിലെ എസ് യു വി മേഖലയെ ഒരിക്കൽ കൂടി പുനർ നിർവചിക്കാൻ ഒരുങ്ങിയിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ആറ് എയർബാഗുകൾ, എല്ലാ സീറ്റുകൾക്കും മൂന്നു പോയിന്റ് സീറ്റ് ബെൽറ്റുകൾ, ഹിൽ സ്റ്റാർട്ട് അസിസ്റ്റന്റ് കൺട്രോൾ തുടങ്ങിയവയും ഇവയിലുണ്ടാകും.പുതിയ ക്രെറ്റയുടെ വില 10.99 ലക്ഷം മുതൽ ആരംഭിക്കുന്നു

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663